(*b*) will the Government kindly state whether the reasons for such delay are within the knowledge of the authorities at present ;

(*c*) whether the Government have already taken necessary steps to see that the text books for the schools in the State are supplied in time next year ; and

(*d*) have the Government any intention to introduce any change of policy in the constitution of the body for the selection of text books ?

Minister for Education, Labour and Civil Supplies

(Sri. Panampilli Govinda Menon):

(*a*) No. All the books published by Government were available for sale by the reopening of the schools and the private publications except one by the 25th June, *i. e.* within a fortnight after the reopening.

(*b*) This does not arise.

(*c*) Yes.

(*d*) There is no such proposal at present.

വിദ്യാഭ്യാസ പരിഷ്കാരം

*൯൧. (൧൯) ശ്രീ. എ. എം. തോമസ് : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി നൽകുമോ.—

(എ) സെക്കണ്ടറി വിദ്യാഭ്യാസ പദ്ധതി പരിഷ്കരിക്കപ്പെട്ടതുപോലെ പ്രൈമറി വിദ്യാഭ്യാസ പദ്ധതിയും പരിഷ്കരിക്കപ്പെട്ടിട്ടുണ്ടോ ;

(ബി) സെക്കണ്ടറി വിദ്യാഭ്യാസ പദ്ധതി ഇപ്പോൾ ആവിഷ്കരിച്ചതനുസരിച്ച് നടപ്പിൽ വരുത്തുവാൻ എത്ര സംഖ്യ കൂടുതൽ ചെലവു വരുമെന്നു പ്രതീക്ഷിക്കുന്നു?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഈ വിഷയം ഗവൺമെണ്ടിന്റെ ആലോചനയിൽ ഇരിക്കുന്നു.

(ബി) ഇതിനെപ്പറ്റി ഇപ്പോൾ നിശ്ചയമായി പറയാൻ സാധ്യമല്ല.

COMMISSION IN THE PURCHASE OF VEHICLES

*92. [21] **Sri. A. M. Thomas :** Will the Hon'ble Minister for Transport be pleased to state.—

(*a*) has the present Director of Transport remitted to Government any amount received by him by way of commission received in the purchase of transport vehicles and materials ;

(*b*) if so, what is the amount; and

(*c*) has the Governmet made any enquiries whether similar sums were being received by his predecessors in the Department.

Minister for Public Works, Communications and Agriculture

(Sri. E. John Philipose): (*a*) No.

(*b*) Does not arise in view of answer to (*a*).

(*c*) No. No such instance has come to the notice of Government.

സ്കൂളുകളിൽ ഹിന്ദി പഠനം

*൯൨. (൨൨) ശ്രീ. പി. എസ്സ്. മാധവൻ വൈദ്യൻ : താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

(എ) രണ്ടാം ഫാറംമുതൽ ഫൈനൽ ഫാറംവരെ ഹിന്ദിപഠനം നിർബ്ബന്ധമാക്കിയിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എല്ലാ സ്കൂളുകളിലും ഇന്നു ഹിന്ദി പഠിപ്പിക്കുന്നുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം എന്താണ് ?

LIBRARY ARCHIVES Kerala Legislative Assembly

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) രണ്ടും മൂന്നും ഫാറങ്ങളിൽ നിർബ്ബന്ധമാക്കിയിട്ടുണ്ട്. നാലും അഞ്ചും ഫാറങ്ങളിൽ ഹിന്ദി ക്രമാനുഗതമായി നിർബ്ബന്ധിതമാക്കും. ഒരു മൂന്നാം ഭാഷയായി ചില സ്കൂളുകളിൽ ആ ഭാഷ ഇപ്പോഴും പഠിപ്പിച്ചുവരുന്നു.

(ബി) ഇല്ല. ചില സ്കൂളുകളിൽ ഹിന്ദി പഠനം തുടരുന്നതിനുവേണ്ട ഏർപ്പാടുകളും പൂർത്തിയായിട്ടില്ല.

(സി) വേണ്ടിടത്തോളം അദ്ധ്യാപകന്മാരെ യഥാസമയം നിയമിക്കുന്നതിനുള്ള പ്രയാസം.

റേഷൻ ഷാപ്പുകളിലെ ബോർഡ്

*൯൪. (൨൩) ശ്രീ. പി. എസ്സ്. മാധവൻ വൈദ്യൻ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചിയിലുള്ള റേഷൻ ഷാപ്പുകാർക്ക് വെള്ള ബോർഡിൽ പച്ചമഷികൊണ്ട് ഇംഗ്ലീഷിൽ എഴുതിയ ബോർഡുവയ്ക്കുവാനായി വല്ല കല്പനയും ബഹു. ഗവൺമെണ്ട് കൊടുക്കുക ഉണ്ടായിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇംഗ്ലീഷിൽമാത്രം എഴുതണമെന്ന് നിർബ്ബന്ധിക്കുവാനുള്ള കാരണം എന്താണെന്ന് പറയാമോ?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) റേഷൻ ഡിപ്പോകളുടെ മുൻവശം വെള്ളബോർഡിൽ പച്ചമഷികൊണ്ട് ഉടമസ്ഥന്റെ പേരും ഡിപ്പോകളുടെ നമ്പരും എഴുതിയിരിക്കണമെന്ന് സിവിൽസപ്ലൈസ് കമ്മീഷണർ നിർദ്ദേശം കൊടുത്തിട്ടുണ്ട്.

(ബി) ഇംഗ്ലീഷിൽതന്നെ എഴുതണമെന്ന് നിർബ്ബന്ധിച്ചിട്ടില്ല. പല ഡിപ്പോഉടമസ്ഥന്മാരും മലയാളത്തിൽ എഴുതിയ ബോർഡുകളും വച്ചിട്ടുണ്ട്.

പരിഷ്കരിച്ച അദ്ധ്യാപക ശമ്പളം

*൯൫. (൨൪) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസമന്ത്രി സദയം മറുപടി പറയുമോ.—

അടുത്ത കാലത്തു നടന്ന കൂടിയാലോചനകളുടെ ഫലമായി പുറത്തു വന്നിട്ടുള്ള പ്രൈവറ്റ് മാനേജ്മെൻറ് സ്കൂളുകളിലെ അദ്ധ്യാപകന്മാർക്ക് പരിഷ്കരിച്ച സ്കെയിലിൽ ശമ്പളം കൊടുക്കുന്നതിന് ഗവൺമെണ്ടിന് എത്ര അധിക ചെലവു വഹിക്കേണ്ടിവരും?

വിദ്യാഭ്യാസവും തൊഴിലും സിവിൽസപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

ഇതിനെപ്പറ്റി ഇപ്പോൾ നിശ്ചയമായി പറവാൻ സാധ്യമല്ല.

ആലപ്പുഴ തുറമുഖത്തെ ഇറക്കുമതി

*൯൬. (൨൫) ശ്രീ. കൃഷ്ണൻ അയ്യപ്പൻ: താഴെ പറയുന്ന ചോദ്യത്തിന് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പുമന്ത്രി സദയം മറുപടി പറയുമോ.—

(എ) ൧൯൫൦ ഏപ്രിൽ മുതൽ ആലപ്പുഴ തുറമുഖത്തു കൂടി ധാന്യം ഇറക്കുമതി ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ എന്തു; എത്ര പ്രാവശ്യം;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം?

LIBRARY ARCHIVES Kerala Legislative Assembly